**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1603** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>ബി പി എൽ വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലത്ത് കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ ബി.പി.എൽ. വിഭാഗത്തിലേക്ക് മാറ്റിയ റേഷൻ കാർഡുകളുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** മുൻ സർക്കാരിന്റെ കാലയളവിൽ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ 5,895 റേഷൻ കാർഡുകൾ പി.എച്ച്.എച്ച്. വിഭാഗത്തിലേക്കും 1,829 റേഷൻ കാർഡുകൾ എ.എ.വൈ. വിഭാഗത്തിലേക്കും തരംമാറ്റി നൽകിയിട്ടുണ്ട്.

**(ബി)** കാഞ്ഞങ്ങാട് മണ്ഡലത്തിൽ റേഷൻ കാർഡുകൾ ബിപിഎൽ വിഭാഗത്തിലേക്ക് മാറ്റാനുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് അറിയിക്കാമോ; ആയതിന്റെ വിശദാംശങ്ങൾ നൽകാമോ?

**<u>മറുപടി:</u>** കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ റേഷൻ കാർഡുകൾ പി.എച്ച്.എച്ച്, എ.എ.വൈ. വിഭാഗത്തിലേക്ക് തരംമാറ്റുന്നതിനായി ലഭിച്ച അപേക്ഷകളെല്ലാം തീർപ്പാക്കിയിട്ടുണ്ട്.

മുൻഗണനാ വിഭാഗങ്ങളിലേക്കുള്ള റേഷൻ കാർഡ് തരംമാറ്റത്തിനായുള്ള അപേക്ഷകൾ ഓൺലൈൻ മുഖേനയാണ് സ്വീകരിച്ചുവരുന്നത്. അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക്, നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി അവ പരിശോധിച്ച് തരംമാറ്റത്തിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**